പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3733 15.12.2014 -ൽ മറുപടിയ്ക്ക്

ബിവറേജസ് കോർപ്പറേഷനിലെ തസ്തികകൾ

ചോദ്യം | ഉത്തരം

ശ്രീ.പാലോട് രവി

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിലവിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട്; | (എ) | സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ 18 വിഭാഗങ്ങളിലായി 1721 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ പി. എസ്. സി. വഴി നിയമനം നടത്തുന്നവ ഏതെല്ലാം; | (ബി) | അസിസ്റ്റന്റ് ഗ്രേഡ് II, എൽ.ഡി. ക്ലാർക്ക്, കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ, സ്റ്റെനോഗ്രാഫർ, ടൈപ്പിസ്റ്റ് ഗ്രേഡ് II, ഹെൽപ്പർ/പ്യൂൺ, ഡ്രൈവർ. |
| (സി) | ബിവറേജസ് കോർപ്പറേഷനിലുള്ള ലോവർ ഡിവിഷൻ ക്ലാർക്ക്, അസിസ്റ്റന്റ് ഗ്രേഡ് II, കമ്പ്യൂട്ടർ പ്രോഗ്രാമർ എന്നീ തസ്തികകളുടെ പ്രമോഷൻ തസ്തികകൾ ഏതെല്ലാമാണ്; | (സി) | ലോവർ ഡിവിഷൻ ക്ലാർക്കിന്റെ പ്രമോഷൻ തസ്തിക അപ്പർ ഡിവിഷൻ ക്ലർക്കും കൂടാതെ ലോവർ ഡിവിഷൻ ക്ലാർക്കുമാരിൽ അസിസ്റ്റന്റ് ഗ്രേഡ് II ന്റെ യോഗ്യത ഉള്ളവരെ നിശ്ചിത അനുപാ |

| | | | |
|---|---|---|---|
| | | | തത്തിൽ അസിസ്റ്റന്റ് ഗ്രേഡ് II ആയി ഉദ്യോഗക്കയറ്റവും നൽകുന്നു. അസിസ്റ്റന്റ് ഗ്രേഡ് II ന്റെ പ്രമോഷൻ തസ്തിക അസിസ്റ്റന്റ് ഗ്രേഡ് I ഉം കമ്പ്യൂട്ടർ പ്രോഗ്രാമറു ടേത് അസിസ്റ്റന്റ് മാനേജർ / അക്കൗണ്ടന്റുമാണ്. |
| (ഡി) | പ്രമോഷൻ തസ്തിക ലഭിക്കു വാൻ വേണ്ട അധിക യോഗ്യതകൾ നിശ്ചയിച്ചി ട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു മാനദണ്ഡം ഉപയോഗി ച്ചാണ് പ്രമോഷനുകൾ നൽകുന്നത്; | (ഡി) | നിശ്ചയിച്ചിട്ടുണ്ട്. |
| (ഇ) | നിയമനങ്ങളും പ്രമോഷനു കളും നടപ്പാക്കുന്നതിന് എന്തെങ്കിലും സ്റ്റാറ്റ്യൂട്ടോ, ചട്ടങ്ങളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമം അനുസരിച്ചാണ് പ്രമോഷനു കൾ നടത്തുന്നത്; | (ഇ) | ഉണ്ട്. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേ ഷന്റെ എംപ്ലോയീസ് സർവ്വീസ് റൂൾ പ്രകാരം. |
| (എഫ്) | സ്റ്റാഫ് പാറ്റേണും സ്റ്റാറ്റ്യൂട്ടും ഇല്ലെങ്കിൽ നിയമനങ്ങൾ ക്കും പ്രമോഷനും വേണ്ട നിയമനിർമ്മാണം നടത്തു മോ? | (എഫ്) | കേരള സംസ്ഥാന ബിവ റേജസ് കോർപ്പറേഷന്റെ ഇപ്പോഴത്തെ ആവശ്യകത അനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ നിലവിലില്ല. സ്റ്റാഫ് പാറ്റേൺ നടപ്പിലാ |

| | | | |
|---|---|---|---|
| | | | ക്കുന്നതിനെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകു വാൻ സർക്കാർ സ്ഥാപന മായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ് മെന്റിനെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ